തിരുവനന്തപുരം ജില്ലയിലെ ട്രഷറി വകുപ്പിൽ നിലവിലുള്ള എൽ. ഡി. സി. ഒഴിവുകൾ

21 (4060) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ട്രഷറി വകുപ്പിൽ 16-1-2002-നു ശേഷം എത്ര എൽ. ഡി. സി. ഒഴിവുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇപ്പോൾ എൽ. ഡി. സി. തസ്തികയിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ;

(സി) എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ട്രഷറി വകുപ്പിൽ 16-1-2002-ന് ശേഷം അഞ്ച് എൽ. ഡി. സി/ജൂനിയർ അക്കൗണ്ടന്റ് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇപ്പോൾ എൽ. ഡി. സി. തസ്തികയിൽ താൽക്കാലിക ജീവനക്കാർ ഇല്ല.

(സി) ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

ലോട്ടറി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

22 (4061) ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി നടത്തിപ്പ് സംബന്ധിച്ച് ബഹു.കോടതികൾ ഏതെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) കേരള സർക്കാർ ലോട്ടറി നടത്തിപ്പിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ;

(സി) പേപ്പർ ലോട്ടറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഓൺലൈൻ ലോട്ടറി നടത്തിപ്പുമായി സഹകരിക്കാൻ ധനസഹായം നല്കുന്നത് പരിഗണിക്കാമോ ;

(ഡി) സൈബർ ക്രൈം തടയുന്നതിന് ലോട്ടറി വകുപ്പിൽ സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ലോട്ടറി നടത്തിപ്പ് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം 7-7-1998-ൽ ലോട്ടറി റഗുലേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly